**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2523 — 09.03.2017-ൽ മറുപടിയ്ക്ക്

**മൃഗസംരക്ഷണ വകുപ്പിലെ പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ടി.തോമസ്** | | **ശ്രീ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ വകുപ്പിൽ 2012 മുതൽ സീനിയോറിറ്റി മറികടന്ന് വെറ്ററിനറി സർജൻമാരുടെ പ്രമോഷൻ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മൃഗസംരക്ഷണ വകുപ്പിൽ 2012-ൽ തയ്യാറാക്കിയ വെറ്ററിനറി സർജന്മാരുടെ സീനിയോറിറ്റി ലിസ്റ്റാണ് നിലവിലുള്ളത്. അതിൽ നിന്നും യോഗ്യരായവരെ ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്നതനുസരിച്ചാണ് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത്. അപ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഉദ്യോഗക്കയറ്റത്തിന് അർഹരല്ലാത്തവരെ മറികടന്ന് യോഗ്യരായവരുടെ പട്ടിക ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കി നൽകിയതനുസരിച്ച് അയോഗ്യരെ ഒഴിവാക്കി ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. സീനിയോറിറ്റി നം.36, 37, 40, 41, 49, 53, 66, 67, 70, 71, 125, 127, 131, 133, 144, 157, 160, 165, 167, 168, 170, 173, 175, 176 പ്രകാരമുള്ള ഉദ്യോഗസ്ഥർക്കും വിവിധ കാരണങ്ങളാൽ ഡി.പി.സി അയോഗ്യരായി കണ്ട് ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ള യോഗ്യരായവർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. 2017-ലേക്കുള്ള യോഗ്യരായവരുടെ പട്ടിക അംഗീകരിച്ച ഡി.പി.സി.യും ടി സീനിയോറിറ്റി നമ്പറിലുള്ള ഉദ്യോഗസ്ഥരെ അയോഗ്യരായി കണ്ട് ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഇടുക്കി കൽത്തൊട്ടി വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി | (ബി) | ഡോ.ടെസ്സി സബിതയുടെ ജൂനിയറായ 117 പേർക്ക് ഡി.പി.സി തെരഞ്ഞെടുത്തപ്രകാരം |

| | |
|---|---|
| സർജനായ ഡോ.ടെസ്സി സബിതയുടെ ജൂനിയറായ എത്ര പേർക്ക് നാളിതുവരെ പ്രമോഷൻ നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ; | ഇതിനകം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. അവരുടെ സീനിയോറിറ്റി നമ്പറുകൾ ഇപ്രകാരമാണ്. 38, 39, 42 മുതൽ 48,50 മുതൽ 52, 54 മുതൽ 65, 68, 69, 72 മുതൽ 124, 126, 128 മുതൽ 130,132,134 മുതൽ 143, 145 മുതൽ 156, 158 മുതൽ 159, 161 മുതൽ 164, 166, 169, 171, 172, 174. |
| (സി) ഡോ.ടെസ്സി സബിതയ്ക്ക് ഇതുവരെ പ്രമോഷൻ നൽകാതെ തടഞ്ഞുവയ്ക്കുവാനുണ്ടായ കാരണം വിശദമാക്കാമോ; | (സി) ഡോ.ടെസ്സി സബിത എറണാകുളം ജില്ലയിലെ കരുമാല്ലൂർ വെറ്ററിനറി ഡിസ്പെൻസറിയിൽ ജോലി നോക്കിയിരുന്ന അവസരത്തിൽ ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതിനും കൃത്യവിലോപം നടത്തിയതിനും അച്ചടക്ക നടപടികൾ സ്വീകരിച്ച് വരുന്നതിനാലും അച്ചടക്കനടപടി നാളിതുവരെ പൂർത്തിയാകാത്തതിനാലുമാണ് ടിയാൾക്ക് ഉദ്യോഗക്കയറ്റം നൽകാൻ യോഗ്യതയില്ലെന്ന് കണ്ട് ടിയാളെ ഡി.പി.സി യോഗ്യരായവരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കിയത്. |
| (ഡി) ഡോ.ടെസ്സി സബിതയ്ക്ക് മുൻകാല പ്രാബല്യത്തോടെ പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ഇ) ഇവർക്ക് പ്രമോഷൻ നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊള്ളുമോ? | (ഡി) & (ഇ) ഡോ.ടെസ്സി സബിതയ്ക്കെതിരായ അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്കും, ആ സമയത്ത് കൂടുന്ന ഡി.പി.സി തീരുമാനത്തിന് വിധേയമായിട്ടും മാത്രമേ ടിയാൾക്ക് ഉദ്യോഗക്കയറ്റം നൽകുന്ന വിഷയം പരിഗണിക്കാനാകൂ. വീഴ്ച വരുത്തിയതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ